Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

13.06.2020

നം.4341/എച്ച്1/2020/കെഎസ്എച്ച്ഒ.

പ്രേഷകൻ

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

ഗ്രാഹകൻ

പ്രസിഡന്റ് ഗ്രാമ പഞ്ചായത്ത് / ചെയർപേഴ്സൺ മുനിസിപ്പാലിറ്റി / മേയർ കോർപ്പറേഷൻ

പ്രിയപ്പെട്ട പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ

വിഷയം: സുഭിക്ഷ കേരളം പദ്ധതി - **കുടുംബശ്രീ കാർഷിക പ്രവർത്തനങ്ങൾ - സംയോജനം** സംബന്ധിച്ച്.

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കാർഷിക മേഖലയുടെ അഭിവൃദ്ധിയും ഭക്ഷ്യോത്പാദന വർദ്ധനവും സ്വയം പര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ട് കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് 'സുഭിക്ഷ കേരളം'. പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ് തദ്ദേശ്ശസ്ഥാപനതലത്തിൽ ഉറപ്പു വരുത്താനും, കാർഷിക സമൃദ്ധിയിലേയ്ക്കും സ്വയം പര്യാപ്തതയിലേയ്ക്കും താങ്കളുടെ തദ്ദേശ സ്ഥാപനത്തിന് ഉയരാനും, കുടുംബശ്രീയുമായി സംയോജിച്ചു പ്രവർത്തിക്കുന്നത് സംബന്ധിച്ച ചില ആശയങ്ങൾ ഈ കത്തിലൂടെ അവതരിപ്പിക്കട്ടെ. ഈ ആശയങ്ങൾ ചർച്ച ചെയ്യാൻ സിഡിഎസ് ചെയർപേഴ്സൺമാർ താങ്കളെ നേരിൽ കാണുന്നതാണ്. ടി ആശയങ്ങൾ പരിഗണിച്ചുകൊണ്ട് സംയോജന പ്രവർത്തനങ്ങൾ നടത്തുമെന്ന് പ്രതീക്ഷിക്കട്ടെ....

വിശ്വസ്തതയോടെ,

Hrm 13/6/20

എസ്. ഹരികിഷോർ IAS
എക്സിക്യൂട്ടീവ് ഡയറക്ടർ (കുടുംബശ്രീ)

പകർപ്പ്:
1. എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും

## 'സുഭിക്ഷ കേരളം' : തദ്ദേശ്ശസ്ഥാപനതലത്തിൽ കുടുംബശ്രീയുമായി സംയോജന പ്രവർത്തനങ്ങൾക്കായി മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ

കേരളത്തിലാകെ 68388 കുടുംബശ്രീ കൃഷി സംഘങ്ങൾ (3.3 ലക്ഷം വനിതാ കർഷകർ) 50,000 ലേറെ ഹെക്ടറിൽ കൃഷി ചെയ്തുവരുന്നു. കൂടാതെ ജൈവ കൃഷി, തരിശ്ശ് ഭൂമി കൃഷി, ഔഷധ കൃഷി, മൂല്യ വർധിത യൂണിറ്റുകൾ, പ്ലാന്റ് നഴ്സറി യൂണിറ്റുകൾ, ബയോ ഫാർമസികൾ, വിവിധ കാർഷിക സംരംഭങ്ങൾ തുടങ്ങിയവയിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നു. ഈ കൃഷി സംഘങ്ങളുമായി സംയോജിച്ചു 'സുഭിക്ഷ കേരള'ത്തിൽ നടപ്പിലാക്കാവുന്ന ആശയങ്ങൾ താഴെ ചേർക്കുന്നു.

**1)തരിശ്ശ് ഭൂമി കൃഷി**

- വാർഡ് തലത്തിൽ **തരിശ്ശ് നിലങ്ങൾ കണ്ടെത്തുന്നതിനായി** കുടുംബശ്രീ എഡിഎസ്സ് സംവിധാനത്തിനും അവ പഞ്ചായത്തു തലത്തിൽ ക്രോഡീകരിക്കാൻ സിഡിഎസ്സ് സംവിധാനത്തിനും സാധിക്കും.
- 2019-20 സാമ്പത്തിക വർഷത്തിൽ കേരളത്തിലുടനീളമായി 10000 ത്തോളം ഏക്കർ തരിശ്ശ് ഭൂമി കുടുംബശ്രീ വനിതാ കർഷകർ കൃഷിയോഗ്യമാക്കിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തു തലത്തിൽ കണ്ടെത്തുന്ന **തരിശ്ശ് ഭൂമിയിൽ കൃഷി ചെയ്യാൻ കുടുംബശ്രീ** കൃഷി സംഘങ്ങളെ ഏൽപ്പിക്കാവുന്നതാണ്.
- തരിശ്ശ് നിലങ്ങളാണ് ജൈവകൃഷിയ്ക്കു ഏറ്റവും അനുയോജ്യമെന്നതിനാൽ തദ്ദേശ്ശസ്ഥാപനതലത്തിൽ ലഭ്യമായ **തരിശ്ശ് ഭൂമിയിൽ ജൈവകൃഷി** വ്യാപിപ്പിക്കാൻ നിലവിലെ കുടുംബശ്രീ ജൈവ കൃഷി സംഘങ്ങളെ ഉപയോഗിക്കാവുന്നതാണ്. കൂടാതെ പുതിയ ജൈവ കർഷക സംഘങ്ങൾക്കു അവസരം നൽകാനും സാധിക്കും.
- നിലവിൽ കേരളത്തിൽ 13000 ത്തോളം ഏക്കർ ഭൂമിയിൽ 65610 കുടുംബശ്രീ വനിതാ കർഷകർ 201 ക്ലസ്റ്ററിലായി ജൈവ കൃഷി ചെയ്തു വരുന്നു.
- ജൈവ കൃഷിയിൽ വിവിധ പരിശീലനം ലഭിച്ച കുടുംബശ്രീ **ക്ലസ്റ്റർ ലെവൽ കോർഡിനേറ്റർമാരുടെ സേവനവും** ഉപയോഗിക്കാവുന്നതാണ്.

**2) മൂല്യ വർധിത യൂണിറ്റുകൾ**

- കാർഷിക ഉത്പന്നങ്ങൾക്ക് മികച്ച വരുമാനം ലഭ്യമാക്കുന്നതിനായി നിരവധി വനിതാ കർഷകർ സംരംഭ രംഗത്തേയ്ക്ക് വരികയും വിവിധ മൂല്യ വർധിത യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് (ഗ്രൂപ്പായും വ്യക്തിഗതമായും സംരംഭം തുടങ്ങാൻ കുടുംബശ്രീ പ്രോത്സാഹനം നൽകുന്നുണ്ട്). നാളിതുവരെ കുടുംബശ്രീ കേരളത്തിൽ 117 ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകളും (585 അംഗങ്ങൾ) 320 ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളും (402 അംഗങ്ങൾ) ആരംഭിച്ചിട്ടുണ്ട്.
- സുഭിക്ഷ കേരളം പദ്ധതിയോടനുബന്ധിച്ചു തദ്ദേശ്ശസ്ഥാപനതലത്തിൽ **മൂല്യ വർധിത യൂണിറ്റുകളുടെ ശാക്തീകരണം** ലക്ഷ്യമിടുന്നുണ്ടെങ്കിൽ താങ്കളുടെ തദ്ദേശ്ശസ്ഥാപന ങ്ങളിലെ നിലവിലെ കുടുംബശ്രീ മൂല്യവർധിത യൂണിറ്റുകൾക്ക് പരിഗണന നൽകണമെന്ന് താത്പര്യപ്പെടുന്നു.

- കൂടാതെ, പുതിയ യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി വിഭാവനം ചെയ്യുകയാണെങ്കിലും വിവിധ പരിശീലനം ലഭിച്ച കുടുംബശ്രീ കൃഷി സംഘങ്ങൾ നിലവിലുണ്ട്. അവർക്കു **പുതിയ സംരംഭം തുടങ്ങാനുള്ള അവസരം ഒരുക്കുന്നതും** സഹായകമാകും
- ഏതെങ്കിലും തരത്തിൽ മൂല്യ വർധിത ഉത്പന്നങ്ങളുടെ ആവശ്യകത ടി പദ്ധതിയ്ക്കായി വേണ്ടിവന്നാൽ അതിനും നിലവിലെ **കുടുംബശ്രീ കാർഷിക മൂല്യവർധിത യൂണിറ്റുകളുടെ സേവനം** ഉപയോഗപ്പെടുത്താവുന്നതാണ്.
- തദ്ദേശ്ശസ്ഥാപനതലത്തിൽ ഏറ്റവും കൂടുതൽ ലഭ്യമാകുന്ന പഴവർഗ്ഗം (ചക്ക, മാങ്ങ, പപ്പായ, കൈതചക്ക മുതലായവ) വീടുകളിൽ നിന്നും പ്രാദേശിക ചന്തകളിൽ നിന്നുമെല്ലാം ശേഖരിച്ചു മൂല്യവർധിത ഉത്പന്നങ്ങൾ ആക്കി മാറ്റിയാൽ സീസണുകളിൽ ധാരാളമായി ലഭിക്കുന്നതും വേഗം കേടായിപ്പോകുന്നതുമായ ഇത്തരം ഫലവർഗ്ഗങ്ങൾ ഏറ്റവും നല്ല രീതിയിൽ വിപണിയിലെത്തിച്ചു കർഷകർക്ക് അധിക വരുമാനം ഉറപ്പുവരുത്താനാകും. കൂടാതെ വീട്ടുവളപ്പിൽ നശിച്ചുപോകുന്നു ഇത്തരം പഴങ്ങൾ സൂക്ഷിച്ചു മൂല്യവർധിത യൂണിറ്റുകൾക്ക് നൽകുമ്പോൾ ചെറിയൊരു വരുമാനം അവർക്കും ലഭിക്കും. അത്തരം **കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുമ്പോൾ** കുടുംബശ്രീ കൃഷി സംഘങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്.

### 3) മൃഗ സംരക്ഷണം, മത്സ്യ കൃഷി

- തദ്ദേശ്ശസ്ഥാപനതലത്തിൽ ഫിഷറീസ് വകുപ്പിന്റെ സഹായത്തോടു കൂടെ **മത്സ്യ കൃഷി പദ്ധതി** നടപ്പിലാക്കുന്നുണ്ടെങ്കിൽ കുടുംബശ്രീ ഗ്രൂപ്പുകളെയോ വ്യക്തികളെയോ ഗുണഭോക്താക്കളായി ഉൾക്കൊള്ളിക്കാവുന്നതാണ്. ഫിഷറീസ് വകുപ്പിന്റെ പരിശീലനം ലഭിച്ച കുടുംബശ്രീ ഗ്രൂപ്പുകൾക്കോ വ്യക്തികൾക്കോ പ്രഥമ പരിഗണന നൽകണമെന്ന് താത്പര്യപ്പെടുന്നു.
- **മുട്ടക്കോഴി വളർത്തൽ, മുട്ട സംഭരണം, വിതരണം മുതലായ പദ്ധതികൾ സുഭിക്ഷ കേരളം പദ്ധതിയുടെ** ഭാഗമായി തദ്ദേശ്ശസ്ഥാപനതലത്തിൽ വിഭാവനം ചെയ്യുകയാണെങ്കിൽ ഇത്തരം മൃഗസംരക്ഷണ പ്രവർത്തനങ്ങളിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന കുടുംബശ്രീ കർഷകരെ ടി പദ്ധതികളിൽ ഉൾക്കൊള്ളിക്കാവുന്നതാണ്.
- **പശു വളർത്തൽ, പാൽ സംഭരണം, പാൽ ഉത്പ്പന്നങ്ങളുടെ നിർമ്മാണം, വിൽപ്പന** മുതലായ പദ്ധതികൾ വാർഡ് തലത്തിലോ പഞ്ചായത്തു തലത്തിലോ ആരംഭിക്കുകയാണെങ്കിൽ കുടുംബശ്രീയുടെ പശു പരിപാലനം, പാൽ ഉത്പന്ന നിർമ്മാണ മേഖലയിൽ തനതരായ കുടുംബശ്രീ വനിതകൾക്ക് അവസരം ഒരുക്കിയാൽ ഉപജീവനമാർഗ്ഗം കണ്ടെത്തൽ അവരെ സഹായിക്കും.
- കുടുംബശ്രീയുടെ കീഴിൽ നിരവധി പശു വളർത്തൽ സംഘങ്ങൾ ഉപജീവന മാർഗ്ഗം കണ്ടെത്തുന്നുണ്ട്. അവർക്കു താങ്ങായി **തീറ്റപ്പുൽ കൃഷിയ്ക്ക്** പ്രത്യേക പരിഗണന നൽകി വികസിപ്പിക്കണമെന്നും അതിൽ കുടുംബശ്രീ കൃഷി സംഘങ്ങളുടെ സംയോജനം വിഭാവനം ചെയ്യാവുന്നതാണ്.

### 4)ഭക്ഷ്യ സുരക്ഷാ പദ്ധതികൾ

- സുഭിക്ഷ കേരളം പദ്ധതിയുടെ പ്രധാന ലക്ഷ്യം ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുക എന്നതാണ്. അത്തരം ഭക്ഷ്യ വിളകളുടെ വ്യാപനത്തിന് കുടുംബശ്രീ കൃഷി സംഘങ്ങൾ നിലവിൽ നല്ല പങ്കു വഹിക്കുന്നുണ്ട്. കിഴങ്ങു വർഗ്ഗം, പച്ചക്കറി, വാഴ, നെല്ല് തുടങ്ങിയവയാണ് നിലവിലെ കുടുംബശ്രീ കൃഷി സംഘങ്ങളുടെ പ്രധാന കാർഷിക വിളകൾ. ആയതിനാൽ പഞ്ചായത്തിന്റെ പ്രത്യേക താനുര്യത്തിനനുസരിച്ചു ഏതു തരം

ഭക്ഷ്യ വിളകളും വ്യാപിപ്പിക്കാൻ ഇവർക്ക് സാധിക്കും. ഇതിലൂടെ **ഭക്ഷ്യ സ്വയം പര്യാപ്തത** കൈവരിക്കാനാകും.

- പാരമ്പര്യ വിത്തുകളുടെ **സീഡ് ബാങ്ക് ആരംഭിക്കുക** എന്നത് തദ്ദേശ്ശസ്ഥാപനതലത്തിൽ കാർഷിക അഭിവൃദ്ധിയ്ക്കു വഴിയൊരുക്കുന്ന ഒരു പദ്ധതി ആണ്. ഇത്തരം പ്രൊജെക്റ്റുകൾ സുഭിക്ഷ കേരളം പദ്ധതിയോടനുബന്ധിച്ചു നടപ്പിലാക്കുന്നുണ്ടെങ്കിൽ കുടുംബശ്രീ കൃഷി സംഘങ്ങളെയും അതിൽ മുൻഗണന നൽകി ഭാഗമാക്കാവുന്നതാണ്. നിരവധി വർഷങ്ങളായി കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഇത്തരം വനിതാ കർഷകർക്ക് ടി പദ്ധതിയിൽ സംഭാവന നൽകാൻ സാധിക്കും. കാരണം, അന്യംനിന്നുപോയതും എന്നാൽ ഗുണ നിലവാരമുള്ളതുമായ വിവിധ പാരമ്പര്യ വിത്തുകളുടെ ശേഖരം ഇവരുടെ പക്കലുണ്ട്. ഇത്തരം വിത്തുകൾ ഉപയോഗിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നത് പ്രകൃതിയുമായി കൂടുതൽ ഇഴുകി ചേർന്നുള്ള കൃഷിക്കും വഴിയൊരുക്കും.
- **സംയോജിത കൃഷി** പഞ്ചായത്തുകളിൽ ഉണ്ടാകുക എന്നത് മാതൃകാപരമാണ്. അത്തരം ആശയങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പരിശീലനം ലഭിച്ച കുടുംബശ്രീയുടെ കൃഷി സംഘങ്ങളെ ഉപയോഗിച്ച് പദ്ധതി വിജയിപ്പിക്കാൻ സാധിക്കും.
- വാർഡ്/ പഞ്ചായത്തു അടിസ്ഥാനത്തിൽ **വീട്ടുവളപ്പിലെ കൃഷി, അടുക്കളത്തോട്ടം, മട്ടുപ്പാവ് കൃഷി,** തുടങ്ങിയ ഒരു വീടിനെ ഭക്ഷ്യ സുരക്ഷയിലേയ്ക്ക് നയിക്കുന്ന പൊതുവായ പദ്ധതികൾ നടപ്പിലാക്കാനായി വിഭാവനം ചെയ്യുമ്പോൾ കുടുംബശ്രീ കൃഷി സംഘങ്ങളുടെയും മാസ്റ്റർ കർഷകരുടെയും വൈദഗ്ധ്യവും സംയോജിപ്പിക്കാവുന്നതാണ്. പഞ്ചായത്തിലെ എല്ലാ കുടുംബശ്രീ അംഗങ്ങളുടെയും പ്രാധിനിത്യം സിഡിഎസ്സ് മുഖാന്തരം ഉറപ്പുവരുത്താനാകും. (കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളിലെയും അവർക്കാവശ്യമുള്ള **പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കുന്നതിനും ജനങ്ങളിലേയ്ക്ക് കൃഷിയുടെ പ്രാധാന്യം** എത്തിക്കുന്നതിനുമായി 2017 - 18 ൽ ഭക്ഷ്യ സുരക്ഷാ ഭവനം എന്ന പദ്ധതി സംഘടിപ്പിച്ചിരുന്നു. ടി പദ്ധതിയിലൂടെ 8.65 ലക്ഷം അയൽക്കൂട്ടാംഗങ്ങൾക്ക് കൃഷിയിൽ പരിശീലനം നൽകുകയും വിത്തുകൾ ലഭ്യമാക്കുകയും ചെയ്തു). തദ്ദേശ്ശ സ്ഥാപനങ്ങൾക്ക് ഇത്തരം പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

**5) കാർഷിക കച്ചവട സംരംഭങ്ങൾ (Agri business units)**

- **തീറ്റപ്പുൽ കൃഷി, തേനീച്ച വളർത്തൽ, ഗ്രോ ബാഗ് നിർമ്മാണ യൂണിറ്റ്, വാഴക്കൊണ്ടുള്ള വിവിധ മൂല്യ വർധിത ഉത്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകൾ, കൊണ്ടാട്ട നിർമ്മാണം,** മുളയിൽ നിന്നുള്ള വിവിധ കരകൗശല ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യുണിറ്റുകൾ, അരി - സുഗന്ധ വ്യഞ്ജനങ്ങളുടെ മിൽ തുടങ്ങി **കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി** തദ്ദേശ്ശസ്ഥാപനതലത്തിൽ പദ്ധതി വിഭാവനം ചെയ്യുമ്പോൾ കുടുംബശ്രീയ്ക്ക് ഇത് നടപ്പിലാക്കുന്നതിൽ വലിയ പങ്കു വഹിക്കാൻ സാധിക്കും. കൂടാതെ എല്ലാ തദ്ദേശ്ശ സ്ഥാപനങ്ങൾക്ക് കീഴിലും ജൈവിക നഴ്സറികൾ തുടങ്ങാൻ സാധിക്കും.
- Cut vegetable and fruits unit ുകൾ കുടുംബശ്രീ വനിതകൾക്ക് ഏറ്റെടുത്തു വിജയകരമായി നടപ്പിലാക്കാൻ സാധിക്കും. ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ പഞ്ചായത്തു തലത്തിൽ വിഭാവനം ചെയ്യുന്നെങ്കിൽ ഇത്തരം വനിതകൾക്ക് അവസരം നൽകുന്നത് വലിയ മുതൽക്കൂട്ടാകും.

- ഗുണമേന്മയുള്ള സസ്യതൈകൾ മിതമായ നിരക്കിൽ ഉത്പാദിപ്പിച്ച് വിപണനം നടത്തുന്നതിനായി **ജൈവിക** എന്ന പേരിൽ സംസ്ഥാനത്തുടനീളം **426 പ്ലാന്റ് നഴ്സറികൾ** സ്ഥാപിച്ചിട്ടുണ്ട്. സുഭിക്ഷയുമായി ബന്ധപ്പെട്ടതോ പഞ്ചായത്തിലെ വിവിധ പദ്ധതികളുമായോ ബന്ധപ്പെട്ടു നടീൽ വസ്തുക്കളുടെ ആവശ്യകത ഉണ്ടായാൽ ഇവയെ പരിഗണിക്കണമെന്ന് താത്പര്യപ്പെടുന്നു.
- ഗുണ നിലവാരം ഉള്ളതും ന്യായവിലയുള്ളതുമായ **ജൈവ വളം ലഭിക്കാൻ** വനിതാ കർഷകർക്ക് പരിശീലനവും സാമ്പത്തിക സഹായവും നൽകി 2019-20 സാമ്പത്തിക വർഷത്തിൽ 124 **ബയോ ഫാർമസികൾ** (350 അംഗങ്ങൾ) സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി ജൈവ കൃഷിക്ക് സഹായകമാകുകയും ഒപ്പം വ്യക്തി/ ഗ്രൂപ്പ് സംരംഭങ്ങൾക്ക് അവസരമൊരുക്കാനും സാധിച്ചു. ടി സംരംഭത്തെ പഞ്ചായത്തു തല സുഭിക്ഷ പദ്ധതിയുടെ ഭാഗമാകുന്നത് ജൈവ കൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനും വഴിയൊരുക്കും. ബയോ ഫർമാസികൾ ഇല്ലാത്ത തദ്ദേശസ്ഥാപനങ്ങളിൽ ഇവ തുടങ്ങാനുമാകും.
- കാർഷികോത്പന്നങ്ങൾ നഗര ഗ്രാമ വ്യത്യാസമില്ലാതെ സമൂഹത്തിലേക്കെത്തിച്ചു മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിനായി **മൊബൈൽ പച്ചക്കറി യൂണിറ്റുകൾ** ആരംഭിക്കാവുന്നതും അതിന്റെ കാര്യക്ഷമമായ നടത്തിപ്പിന് കുടുംബശ്രീ അംഗങ്ങളെയോ ഗ്രൂപ്പുകളെയോ ഏൽപ്പിക്കാവുന്നതുമാണ്. നിലവിൽ 4 ജില്ലകളിൽ ഇത്തരം മൊബൈൽ പച്ചക്കറി വിപണന യൂണിറ്റുകൾ വിജയകരമായി പ്രവർത്തിക്കുന്നുമുണ്ട്.
- കർഷക കൂട്ടായ്മകളുടെ രൂപീകരണം പ്രധാന ലക്ഷ്യമായി വരുന്ന പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടെങ്കിൽ നിലവിൽ പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ കൂട്ടായ്മകൾക്ക് മുൻഗണന നൽകാവുന്നതാണ്. 87 **നെല്ല് കർഷക കൂട്ടായ്മകളും മറ്റു കാർഷിക കൂട്ടായ്മകളും** കുടുംബശ്രീയുടെ കീഴിൽ ഉണ്ട്. ഇത്തരം ഗ്രൂപ്പുകൾക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകി പഞ്ചായത്തിന്റെ തനതു ഉത്പനങ്ങളുടെ കൂട്ടായ്മകൾ രൂപീകരിച്ചു **ബ്രാൻഡഡ് ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ** സാധിക്കും.
- **ആധുനിക സാങ്കേതിക വിദ്യ കാർഷിക മേഖലയിലേയ്ക്ക്** കൊണ്ടുവരുന്നത് സുഭിക്ഷ കേരളം പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. **മഴമറ, പ്രിസിഷൻ ഫാർമിംഗ്, ഹൈഡ്രോപോണിക്സ്, അക്വാ പോണിക്സ്** തുടങ്ങിയ ഏതുതരം നൂതന വിദ്യയും കൃഷിയിൽ അവലംബിക്കുവാൻ കുടുംബശ്രീ കൃഷി സംഘങ്ങൾ പ്രാപ്തരാണ്. ആയതിനാൽ അത്തരം പദ്ധതികൾ തദ്ദേശ സ്ഥാപനതലത്തിൽ വിഭാവനം ചെയ്യുന്നുണ്ടെങ്കിൽ കുടുംബശ്രീ സംരംഭകർക്ക് ഇവ ഏറ്റെടുത്തു നടത്താൻ സാധിക്കും.

**6) മാർക്കറ്റിംഗ്**

- നിലവിൽ കേരളത്തിലെ 450 തദ്ദേശ്ശ സ്ഥാപനങ്ങളിൽ **കുടുംബശ്രീ നാട്ടുചന്തകൾ** (ആഴ്ച്ച വിപണികൾ) പ്രവർത്തിക്കുന്നു. നിരവധി കാലങ്ങളായി ജൈവ പച്ചക്കറികളും മറ്റു കുടുംബശ്രീ ഉത്പന്നങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കി വരുന്ന കുടുംബശ്രീയുടെ താത്കാലിക ചന്തകളായ നാട്ടുചന്തകളുടെ പുനരുദ്ധാരണത്തിനും ശാക്തീകരണത്തിനും പഞ്ചായത്തു ഫണ്ട് വച്ചുകൊണ്ട് **സ്ഥിര വിപണന കേന്ദ്രങ്ങൾ ആക്കി മാറ്റാനുള്ള നടപടികൾ** കൈക്കൊള്ളണമെന്ന് താത്പര്യപ്പെടുന്നു. ഇവയുടെ നടത്തിപ്പിന് മാസ്റ്റർ കർഷകരെ നിലവിൽ ചുമതപ്പെടുത്തിയിട്ടുമുണ്ട്. ഇവരുടെ സേവനം ഈ മേഖലയിൽ തുടർന്നും ഉപയോഗിക്കാവുന്നതാണ്.

- സുഭിക്ഷ പദ്ധതിയോടനുബന്ധിച്ചു **പഞ്ചായത്തു തലത്തിൽ വിപണന കേന്ദ്രങ്ങൾ** ആരംഭിക്കുന്നതിനായി പദ്ധതി വയ്ക്കുന്നുണ്ടെങ്കിൽ കുടുംബശ്രീയുടെ കർഷക സംഘങ്ങളെ ഉപയോഗിക്കാവുന്നതാണ്. ഇത്തരം ചന്തകളിലേയ്ക്ക് സ്ഥിരമായി ഉത്പന്നങ്ങൾ എത്തിക്കുക, വിപണന കേന്ദ്രങ്ങളുടെ നടത്തിപ്പ്, പരിപാലനം, എന്നിവയ്ക്കും ഇവർക്ക് അവസരം നൽകാവുന്നതാണ്.
- കുടുംബശ്രീ കൃഷി സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന വിഭവങ്ങൾ വിൽക്കുന്നതിനായി നിലവിൽ കുടുംബശ്രീയുടെ തന്നെ ശക്തമായ വിപണന സംവിധാനങ്ങളുണ്ട് (Naattuchantha, Home shop, Monthly market etc). എന്നാൽ **ശീതീകരണ സംവിധാനത്തിന്റെ അഭാവം** കൃത്യവും കാര്യക്ഷമവുമായ വിപണനത്തിന് തടസ്സമാകുന്നുണ്ട്. ഇതിൽ നിന്നും കർഷകരെ സഹായിക്കുന്നതിനായി **Cold storage** സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ കുടുംബശ്രീയുടെ നിലവിലെ ഇത്തരം വിപണന സംവിധാനങ്ങളിലൂടെ നടപ്പിലാക്കാവുന്നതാണ്..
- **ഉത്പ്പന്നങ്ങളുടെ വൈവിധ്യവത്കരണം, ബ്രാൻഡിംഗ്, മാർക്കറ്റിംഗ്** എന്നീ വിഭാഗത്തിൽ പദ്ധതികൾ രൂപീകരിക്കുന്നുണ്ടെങ്കിൽ നിലവിലെ കുടുംബശ്രീ യൂണിറ്റുകളെയോ സംരംഭക രംഗത്തേയ്ക്ക് വരാനാഗ്രഹിക്കുന്ന പുതിയ കുടുംബശ്രീ യൂണിറ്റുകളെയും ഉൾപ്പെടുത്താൻ മുൻഗണന നൽകാവുന്നതാണ്. ഇവർക്ക് എല്ലാവിധ സഹായവും നൽകാൻ കുടുംബശ്രീ കാർഷിക വിഭാഗം സുസജ്ജമാണ്.

7) **മാനവ വിഭവ ശേഷി**

- തരിശ്ശ് കൃഷിയിലേക്കു തയ്യാറായി മുൻപോട്ടു വരുന്ന പുതിയ കർഷകർക്ക് പഞ്ചായത്തിൽത്തന്നെ പരിശീലനം നൽകാൻ കുടുംബശ്രീയുടെ വിവിധ പരിശീലനം ലഭിച്ച **5000 ത്തോളം കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ പ്രാപ്തരാണ്** ( 'ജീവ' ടീമും മാസ്റ്റർ കർഷകരും എല്ലാ പഞ്ചായത്തുകളിലും സേവനം നൽകുന്നതാണ്.)
- തദ്ദേശ്ശസ്ഥാപനതലത്തിൽ നടക്കുന്ന വികസന പദ്ധതികൾക്കോ സുഭിക്ഷയുമായി പന്ധപ്പെട്ട മറ്റു വകുപ്പുകളുടെയോ പ്രൊജെക്ടുകൾ എഴുതാൻ **അഗ്രി പ്രൊജക്റ്റിൽ പരിശീലനം ലഭിച്ച കുടുംബശ്രീയുടെ ബ്ലോക്ക് കോർഡിനേറ്റർമാരെ** ഉപയോഗിക്കാവുന്നതാണ്. കുടുംബശ്രീ കാർഷിക വിഭാഗം ബ്ലോക്ക് കോർഡിനേറ്റർമാരെ കാർഷിക സർവകലാശാലയുടെ വിദഗ്ധ പരിശീലനം നൽകിയാണ് കാർഷിക പ്രൊജെക്ടുകൾ എഴുതാൻ പ്രാപ്തരാക്കിയത്.
- ജൈവ കൃഷിയിൽ വിവിധ പരിശീലനം ലഭിച്ച **ക്ലസ്റ്റർ ലെവൽ കോർഡിനേറ്റർമാരുടെ** സേവനവും ജൈവ കൃഷിയിലേക്കു വരുന്ന പുതിയ കർഷകർക്ക് നൽകാനാകും.
- ഇത്തരം പരിശീലനം നൽകുന്നതിനായി പഞ്ചായത്തുകളിലുള്ള കുടുംബശ്രീയുടെ **ഫാർമേർ ഫെസിലിറ്റേഷൻ സെന്ററിന്റെ** (എഫ്എഫ്സി) സൗകര്യം ഉപയോഗപ്പെടുത്താം.
- കൂടാതെ ചെറുകിട കാർഷിക ഉപകരണങ്ങൾ മിതമായ വാടക നിരക്കിൽ ഫാർമർ ഫെസിലിറ്റേഷൻ സെന്ററുകളിൽ നിന്നും കർഷകർക്ക് ലഭിക്കുന്നതുമായിരിക്കും.
- സിഡിഎസ്സുകളുമായി സംയോജിച്ചുകൊണ്ടു എഫ്എഫ്സി യുടെ ഇത്തരം അടിസ്ഥാന ലക്ഷ്യം കർഷകരിലേയ്ക്ക് എത്തിക്കുന്നത് കാർഷിക അഭിവൃദ്ധിയ്ക്കും വഴിയൊരുക്കും.
- നിലവിലെ കുടുംബശ്രീ കാർഷിക പദ്ധതികളുടെ തദ്ദേശ്ശസ്ഥാപനതലത്തിലെ അറിവ് ലഭ്യതയ്ക്കും വിവിധ റിസോർസ് പേഴ്സൺമാരുടെയും ബ്ലോക്ക് കോർഡിനേറ്റർമാരുടെയും ക്ലസ്റ്റർ ലെവൽ കോർഡിനേറ്റർമാരുടെയും മറ്റു സേവന ലഭ്യതയെ കുറിച്ചും കൂടുതൽ അറിയാൻ അസിസ്റ്റന്റ് ജില്ലാ മിഷൻ

കോർഡിനേറ്റർമാരുടെയും, ജില്ലാ പ്രോഗ്രാം മാനേജർമാരുടെയും പേരും മൊബൈൽ നമ്പറും ചുവടെ ചേർക്കുന്നുണ്ട്.

| Sl No | District | Assistant District Mission Co-ordinator (ADMC) | District Program Manager (DPM) |
|---|---|---|---|
| 1 | Trivandrum | Shanimol.A 9447894148 | Reena David 9496020374 |
| 2 | Kollam | Arun Kumar 9446602599 | Honeymole 9074002611 |
| 3 | Pathanamthitta | Saleena 9495374394 | Suhana Beegom M 7403263817 |
| 4 | Alappuzha | Xavier 9946137969 | Deepthy Babu 9497612648 |
| 5 | Kottayam | Binoy 9847191888 | Anoop Chandran 9400550107 |
| 6 | Idukki | Jose Stephen 9188113005 | Sreepriya 9446044796 |
| 7 | Ernakulam | K.Vijayam 9446327920 | Remya T R 9447227885 |
| 8 | Thrissur | Valsala 9497623047 | Deepa K N 8078085443 |
| 9 | Palakkad | Harifa Beegam 9745530533 | Shishith 7012956496 |
| 10 | Malappuram | Hema (DMC) 9539070343 | Bhagyasree 7558080757 |
| 11 | Kozhikode | Gireesh 9446482885 | Sukanya Issac 9995704777 |
| 12 | Wayanad | Vasu 9495621587 | Arathi P V 7025490314 |
| 13 | Kannur | Surjith (DMC) 9847014647 | Amitha Sapariya 9400466850 |
| 14 | Kasaragod | Joseph 9497610602 | Ramnesh 7025104605 |